കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.8/1294/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി : 09-11-2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരുമ്പടപ്പ് ബ്ലോക്ക്പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പടപ്പ് ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ചട്ടം 22, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, (ജനറൽ/പെർഫോമൻസ് ), മലപ്പുറം
3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.എം.പി.എം.8/1294/2020 തിയ്യതി: 9-11-2020

# മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 2-5-2019 മുതൽ 13-9-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ഷാജഹാൻ.എ.എസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം :14-09-2020 മുതൽ 23-09-2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുൽ റഷീദ്.എം.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സുജിത.കെ.പി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. പി എം ആറ്റുണ്ണി തങ്ങൾ | 01-04-2018 മുതൽ 31-03-2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി.ഉഷാദേവി.എ.പി | 01-04-2018 മുതൽ 31-03-2019 വരെ |

മറ്റ് നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എക്സി.എഞ്ചിനിയർ | ശ്രീ. വാസു ടി പി | 01-04-2018 മുതൽ 31-03- |

| | | |
|---|---|---|
| | | 2019 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ.സിബി.എ.ജി | 01.04.2018 മുതൽ 12.06.2018(FN) വരെ |
| | ശ്രീ. മുനീർ റഹ്മാൻ | 12.06.2018(AN) മുതൽ 26.10.2018(FN) വരെ |
| | ശ്രീ.അബ്ദുൾ റഷീദ്.കെ.പി | 26-10-2018(AN) മുതൽ 31-03-2019 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീ. ചന്ദ്രൻ കെ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. അരുൺ.എം.പി | 01-04-2018 മുതൽ 08-07-2018 വരെ |
| | ഡോ.അരുൺനാഥ് സോമനാഥ് | 09-07-2018 മുതൽ 31-03-2019 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ (സി.ഡി.പി.ഒ) | ശ്രീമതി.ലളിത.കെ | 01-04-2018 മുതൽ 13-07-2018(FN) വരെ |
| | ശ്രീമതി. അദീബ യാസിൻ | 13.07.2018(AN) മുതൽ 19.07.2018(FN) വരെ |
| | ശ്രീമതി.യമുന.കെ | 19.07.2018(AN) മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ (ഡി.ഇ.ഒ) | ശ്രീമതി. പ്രഭ എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ (എെ.ഇ.ഒ) | ശ്രീ.ശ്രീജിത്ത്.എം | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.രാമചന്ദ്രൻ.കെ | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 | |
| 13 | ഔദ്യോഗിക വാഹനത്തിന് ഇന്ധന ചെലവ്-നിരക്കാത്ത ഇന്ധന ചെലവ് നിരാകരിക്കുന്നു | 1-13 | |
| 14 | | 1-14 | |

| | | | |
|---|---|---|---|
| | സ്രായിക്കടവ് – ഗുരുതിപറമ്പ് SC കോളനി ചുറ്റുമതിൽ നിർമ്മാണം (നന്നംമുക്ക് ഗ്രാ.പ) – ഗേറ്റ് വച്ചതിന് അധിക നിരക്ക് നൽകി – കരാറുകാരന് അധികം നൽകിയത് 7047 രൂപ | | |
| 15 | കരാർ തുകയിലും അധികരിച്ച് തുക നൽകി. | 1-15 | |
| 16 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 1-16 | |
| 17 | വിനിയോഗ വിവരം ലഭ്യമാക്കില്ല- ചെലവു തുക തടസ്സം ചെയ്യുന്നു | 1-17 | |
| 18 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് സൈക്കിൾ വിതരണം-മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രൊജക്ടിന്റെ ചെലവ് തടസ്സം ചെയ്യുന്നു | 1-18 | |
| | ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| | ഇല്ല | | |
| | ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 19 | ഔദ്യോഗിക വാഹനത്തിന് ഇന്ധന ചെലവ്-നിറക്കാത്ത ഇന്ധന ചെലവ് നിരാകരിക്കുന്നു | 3-1 | |
| 20 | സ്രായിക്കടവ് – ഗുരുതിപറമ്പ് SC കോളനി ചുറ്റുമതിൽ നിർമ്മാണം (നന്നംമുക്ക് ഗ്രാ.പ) -ഗേറ്റ് വച്ചതിന് അധിക നിരക്ക് നൽകി – കരാറുകാരന് അധികം നൽകിയത് 7047 രൂപ | 3-2 | |
| 21 | കരാർ തുകയിലും അധികരിച്ച് തുക നൽകി. | 3-3 | |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 25 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 27 | ഓഡിറ്റ് റിക്കവറി | 4-6 | |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 29 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| | അനുബന്ധം | | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 | |
| | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 | |
| | ബാലൻസ് ഷീറ്റ് | 4 | |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

| 2018-19 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയതി | പുതുക്കിയ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയതി |
|---|---|
| | |

| 1(1)/ 17-03-2018 | 4-02-2019 |
|---|---|

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31-07-2019 | 15-05 -2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13.08.2019മുതൽ 14.08.2019 വരെ | കെ.എസ്.എ.എം.പി.എം.8/1173/19<br>26-08-2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13387375 |
| വരവ് | 82466366 |
| ആകെ | 95853741 |
| ചെലവ് | 80162259 |
| നീക്കിയിരുപ്പ് | 15691482 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 27699000 | 27699000 | 27699000 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7611000 | 7611000 | 7611000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 173000 | 173000 | 173000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 275578 | 7349320 | 7624898 | 6358983 | 1265915 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 0 | 3288000 | 3288000 | 3287995 | 5 |
| നബാർഡ് ഫണ്ട് | 531432 | 4782891 | 5314323 | 1514067 | 3800256 |
| കാനറ ബാങ്ക് (മിസ്സേലനിയസ്) | 263637 | 2194671 | 2458308 | 881445 | 1576863 |
| ടി.എസ്.സി | 909503 | 71584 | 981087 | 482958 | 498129 |
| പൈക്ക | 39297 | 0 | 39297 | 0 | 39297 |
| RMSA | | 862174 | 862174 | 862174 | 0 |
| സാക്ഷരത | 79165 | 0 | 79165 | 0 | 79165 |
| ഷെൽട്ടർ ഹോം | | 955001 | 955001 | 421306 | 533695 |
| കേരളോൽസവം | 27989 | 35000 | 62989 | 0 | 62989 |
| നിർമ്മൽ പുരസ്കാർ | 44298 | 0 | 44298 | 18808 | 25490 |
| ജോയന്റ് വെഞ്ച്വർ പ്രോജക്റ്റ് (ജില്ലാ പഞ്ചായത്ത്) | 4706082 | 15059004 | 19765086 | 15258900 | 4506186 |
| ജോയന്റ് വെഞ്ച്വർ പ്രോജക്റ്റ് (ബ്ലോക്ക് പഞ്ചായത്ത്) | 2104800 | 481291 | 2586091 | 2509083 | 77008 |
| ജോയന്റ് വെഞ്ച്വർ പ്രോജക്റ്റ് (ഗ്രാമ പഞ്ചായത്ത്) | 9836811 | 5201015 | 15037826 | 7077119 | 7960707 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2018-19 | 62 | 87031486 | 62 | 43294221 | 0 | | 100 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.09.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് തുക ബാങ്കിലടവാക്കിയതിനാൽ ബാലൻസ് ഒന്നും തന്നെ അവശേഷിക്കുന്നില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

1)പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകളിലെ കൺവീനർ ഒഴികെയുള്ള അംഗങ്ങൾ പദ്ധതിയുടെ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തെ പ്രൊജക്ടുകളിലൊന്നും മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ല.
2)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3)സ്ഥാപനത്തിൽ മാസ്റ്റർ ഇൻക്യൂമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-12-2019 | 01-10-2018 മുതൽ 30-11-2019 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-07-2017 മുതൽ 10-07-2017 വരെ | 2016-17 | 17.9.2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകളിൽ കണ്ടെത്തിയ അപാകതകൾ.

1. ആസ്തി രജിസ്റ്റർ കാലികമാക്കി പ്രന്റ് എടുത്ത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമല്ല.(Rate of depreciation, Book value, Life time assets തുടങ്ങിയവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല)

2.സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുക, ചെലവ്, നീക്കി ബാക്കി എന്നിവ വ്യക്തമാവും വിധം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3.2018-19 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയ തുകകൾ RP4 Fees and User charges , RP36 other liabilities എന്നീ ഹെഡുകളിലാണ് വരവ് രേഖപ്പെടുത്തിയിട്ടുള്ളത്.

<u>ഓഡിറ്റ് വേളയിൽ കണ്ട അപാകതകൾ</u>

1. സംയുക്ത പ്രൊജക്ടുകൾക്കായി വിവിധ ഗ്രാമ പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച തുകകളുടെ (code 320700203, 320700204, 320700205) വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. സംയുക്ത പ്രൊജക്ടുകൾക്കായുള്ള ബാങ്ക് അക്കൗണ്ടിൽ (-) ബാലൻസ് കാണുന്നു.(മുന്നിരുപ്പ്)

## 1-13 ഔദ്യോഗിക വാഹനത്തിന് ഇന്ധന ചെലവ്-നിറക്കാത്ത ഇന്ധന ചെലവ് നിരാകരിക്കുന്നു

പ്രൊജക്ട് നമ്പർ 11/19 – വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ ദൈനം ദിന ചെലവുകൾ

നിർവ്വഹണം- സെക്രട്ടറി

വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ ദൈനം ദിന ചെലവുകൾ എന്ന പ്രൊജക്ടിൽ ട്രഷറി ബിൽ 27/31.10.18 പ്രകാരം റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും മാറിയ 1,30,552 രൂപയിൽ അസിസ്റ്റന്റ് എക്സി.എഞ്ചിനീയറുടെ KL54D 5486 നമ്പർ വാഹനത്തിന് 1-8-18, 16-8-18, 21-8-18, 29-8-18 എന്നീ തീയതികളിൽ ഡീസൽ നിറച്ചതിന് എവറസ്റ്റ് ഫ്യൂവൽസ് എരമംഗലം എന്ന സ്ഥാപനത്തിന് നൽകിയ 9859 രൂപയും ഉൾപ്പെടുന്നു.

വാഹനത്തിന്റെ ലോഗ് ബുക്കിൽ 2018 ' ആഗസ്റ്റിൽ 1.8.18, 17.8.18, 21.8.18 എന്നീ തിയ്യതികളിലായി ആകെ 105 ലിറ്റർ ഡീസൽ മാത്രമാണ് വാഹനത്തിൽ നിറച്ചതായി കാണുന്നത്. ലോഗ് ബുക്ക് പേജ് 230 ൽ തൻമാസത്തെ അബ്സ്ട്രാക്ടിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ലോഗ് ബുക്ക് പരിശോധിക്കാതെ ഹാജരാക്കിയ ബില്ലുകൾ പ്രകാരംതുക നൽകിയതുമൂലം അധികമായി ചെലവഴിച്ച 2221 രൂപ തിരിച്ചടവാക്കേണ്ടതാണ്. (വിശദമായി ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്).

## 1-14 സ്രായിക്കടവ് -ഉരുതിപറമ്പ് SC കോളനി ചുറ്റുമതിൽ നിർമ്മാണം (നന്നംമുക്ക് ഗ്രാ.പ) -ഗേറ്റ് വച്ചതിന് അധിക നിരക്ക് നൽകി - കരാറുകാരന് അധികം നൽകിയത് 7047 രൂപ

പ്രോജക്റ്റ് നം -42/19

നിർവഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

പ്രവൃത്തിയിൽ ഇനം 7 പ്രകാരം ചുറ്റമതിലിന് ഗേറ്റ് (MS grill) വച്ചതിന് DSR Code 9.48.1 പ്രകാരമുള്ള നിരക്ക് വച്ച് താഴെ പറയും പ്രകാരം തുക അനുവദിച്ചു.

328.37 kg x 120/kg (143.63 /kg-16.46% ടെണ്ടർ കുറവ്) = 39404.40

എന്നാൽ ഗേറ്റ് (MS grill) വച്ചതിന് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ്. ഇത് പ്രകാരം അനുവദിക്കാവുന്ന തുക

328.37 kg x 98.54/kg (117.96 /kg-16.46% ടെണ്ടർ കുറവ്) = 32357.57

അധികം - 39404.40-32357.57 = 7047. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്. (വിശദമായി ഖണ്ഡിക 3-2 ആയി ചേർത്തിട്ടുണ്ട്)

## 1-15 കരാർ തുകയിലും അധികരിച്ച് തുക നൽകി

കാഞ്ഞിരമുക്ക് ആറേപ്പടി മുതൽ പുന്നതോണ്ടൻ വരെ ഇറിഗേഷൻ സബ് കനാൽ നിർമ്മാണം (മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്)

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ പ്രവൃത്തിയിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ ആയ ശ്രീ. എ.വി. അബൂബക്കർ (4,98,949 രൂപ) ന് പ്രവൃത്തിയുടെ തുക നൽകിയത് 5 ലക്ഷം രൂപയാണ്. (ബിൽ നമ്പർ 19/20-12-18, 21/14-01-19)

അധികമായി 1051 രൂപ നൽകിയിട്ടുണ്ട്. തുക തിരികെ ഈടാക്കേണ്ടതാണ്. (വിശദ വിവരം ഖണ്ഡിക 3-2 ആയി ചേർത്തിട്ടുണ്ട്).

## 1-16 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയതിന്റെ 1% കളക്ഷൻ ചാർജ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-17 വിനിയോഗ വിവരം ലഭ്യമാക്കില്ല- ചെലവു തുക തടസ്സം ചെയ്യുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

1.പ്രൊജക്ട് നമ്പർ 27/19 എസ് സി ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

അടങ്കൽ 1 ലക്ഷം രൂപ (വികസന ഫണ്ട് എസ്.സി.പി)

ചെലവ്- 1ലക്ഷം രൂപ ബിൽ 2 /19.7.18

പ്രൊജക്റ്റ് പ്രകാരം ഒരു ലക്ഷം രൂപ ആലങ്കോട് ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്, ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2.പ്രൊജക്റ്റ് നമ്പർ 69 /19 എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി

അടങ്കൽ 4,00 ,000 (വികസന ഫണ്ട് എസ്.സി.പി)

ചെലവ്- 4ലക്ഷം രൂപ ബിൽ3 /11.10.18

നന്നംമുക്ക് ഗ്രാമപഞ്ചായത്തിന് നാലു ലക്ഷം രൂപ നൽകിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം, ചെലവ് വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

3.പ്രൊജക്ട് നമ്പർ 68/ 19 എസ് സി പെൺകുട്ടികൾക്ക് പഠന മുറി

അടങ്കൽ 12,00 ,000 (വികസന ഫണ്ട് എസ്.സി.പി)

ചെലവ്- 12ലക്ഷം രൂപ ബിൽ4 /11.10.18

മാറഞ്ചേരി ,ആലങ്കോട് ,വെളിയങ്കോട് ഗ്രാമ പഞ്ചായത്തുകൾക്ക് നാലു ലക്ഷം രൂപ വീതം ആകെ 12 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്, വിനിയോഗ സാക്ഷ്യപത്രവും ചെലവിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല . രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

4.പ്രൊജക്ട് നമ്പർ 26/ 19 പട്ടികജാതി കുട്ടികൾക്ക് പഠന സൗകര്യം ഒരുക്കൽ – ഗ്രാമ പഞ്ചായത്ത് വിഹിതം

അടങ്കൽ 7,50 ,000 (വികസന ഫണ്ട് എസ്.സി.പി)

ചെലവ്- 7.50ലക്ഷം രൂപ ബിൽ1 /19.7.18

മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന് 3.50 ലക്ഷം, നന്നംമുക്ക് ഗ്രാമ പഞ്ചായത്തിന് 4 ലക്ഷം ആകെ 7.50ലക്ഷം രൂപ രൂപ നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ നിന്നും വിനിയോഗ വിവരം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അന്വേഷണക്കുറിപ്പ് 1/18-9-20 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ വിവരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല എന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചെലവു തുക ആകെ 24,50,000/- രൂപ തടസ്സം ചെയ്യുന്നു.

1-18 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് സൈക്കിൾ വിതരണം- മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രൊജക്ടിന്റെ ചെലവ് തടസ്സം ചെയ്യുന്നു

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ 8 /19 -ാം നമ്പർ അംഗീകൃത മത്സ്യതൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം (അടങ്കൽ 8,62,174 രൂപ, ചെലവ് 8,62,174 രൂപ വികസന ഫണ്ട് ജനറൽ) എന്ന പ്രൊജക്ടിൽ 188 സൈക്കിളുകൾ മെട്രോ ഏജൻസീസ് കടവല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. (105@4458 രൂപ ആൺകുട്ടികൾക്കും + 83@4748രൂപ പെൺകുട്ടികൾക്കും). ആകെ ചെലവു തുക 8,62,174 രൂപ. (ട്രഷറി ബിൽ നമ്പർ 11/13-7-2018 - 4,97,124 ട്രഷറി ബിൽ നമ്പർ 24/12.10.18 – 3,65,050 രൂപ)

താഴെ പറയുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (8/22-9-20) മറുപടി ലഭ്യമാക്കിയിട്ടില്ല.

1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച സ.ഉ.(കൈ)നം. 22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം, തിയ്യതി: 14.02.2018 മാർഗ്ഗരേഖ പ്രകാരമോ ആയതിൻമേൽ പിന്നീട് പുറപ്പെടുവിച്ച ഭേദഗതി/കൂട്ടിച്ചേർക്കൽ ഉത്തരവുകൾ പ്രകാരമോ അനുവദനീയമല്ലാത്ത ഇനം പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി രേഖകളോ സാധൂകരണ ഉത്തരവോ ലഭ്യമാക്കിയിട്ടില്ല.

2. ട്രഷറി ബിൽ നമ്പർ 24/12.10.18 – 3,65,050 രൂപ പ്രകാരം വാങ്ങിയ സൈക്കിളുകളുടെ ബില്ല്/ ഇൻവോയ്സ് ഫയലിൽ ഇല്ല.

3. ജി,എം.യു,പി എസ് വെളിയങ്കോട് സൗത്ത് (53+37 എണ്ണം), ജി.എഫ്.എൽ.പി.എസ് പാലപ്പെട്ടി (37+34എണ്ണം), ജി.എഫ്.എൽ.പി.എസ് വെളിയങ്കോട് (14+12എണ്ണം) എന്നീ സ്കൂളുകളുടെ പ്രധാനാധ്യാപകരിൽ നിന്നും ആകെ 187 എണ്ണം കൈപ്പറ്റിയതായി രശീതി ഫയലിൽ ഉണ്ട്. എന്നാൽ വിദ്യാർത്ഥികൾ കൈപ്പറ്റിയതായി രേഖകൾ ഇല്ല. ഒരെണ്ണം സ്കൂളുകൾക്ക് കൈമാറിയതായി കാണുന്നില്ല.

പദ്ധതി നടപ്പാക്കിയതിന് അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണ്. അനുമതി ഉത്തരവ് ലഭ്യമാക്കാത്ത പക്ഷം ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

## ഭാഗം – 2

## വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | മുൻ ബാക്കി | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| വിഹിതം നൽകിയ സ്ഥാപനം | | | | | |
| ജില്ലാ പഞ്ചായത്ത് | 4706082 | 15059004 | പി.എം.എ.വൈ. | 15258900 | 4506186 |
| ബ്ലോക്ക് പഞ്ചായത്ത് | 2104800 | 481291 | പി.എം.എ.വൈ | 2509083 | 77008 |
| ഗ്രാമ പഞ്ചായത്തുകൾ | 9836811 | 5201015 | പി.എം.എ.വൈ. | 7077119 | 7960707 |

## 4-2 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ, ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | പുളിക്കക്കടവ് കുടിവെള്ള പദ്ധതി (SCP) | 739420/2.1.12 | 6,25,000 | 0 | ലഭ്യമല്ല. | 6,25,000 |
| KWA | -ടി- | 26.2080/21.2.15 | 15,00,000 | 0 | ലഭ്യമല്ല. | 15,00,000 |
| KWA | -ടി- | 263090/29.1.16 | 12,75,000 | 0 | ലഭ്യമല്ല | 12,75,000 |
| KWA | വെളിയങ്കോട് 1ാം വാർഡ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (ജനറൽ) | 325325/2.1.12 | 75,000 | 0 | ലഭ്യമല്ല. | 75,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം. തിയ്യതി |
|---|---|---|---|---|
| 2015-16 | 3-4 | 7995 | ഇ.ശിവദാസൻ കോൺട്രാക്ടർ | 118020100010 dated 2.05.2018 |
| 2013-14 | 3-12 | 12762 | എം.വി.നാരായണൻ കോൺട്രാക്ടർ | 118020100011 dated 10.05.2018 |
| 2007-08 | 3-6 | 2067 | കുമാരൻ.പി.എസ് | 118020100012 dated |

| | | | | |
|---|---|---|---|---|
| | | | കോൺട്രാക്ടർ | 17.05.2018 |
| | | 22824 | | |

2018-19 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയ തുകകൾ RP4 Fees and User charges , RP36 other liabilities എന്നീ ഹെഡുകളിലാണ് വരവ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓ.റി വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3(4) | 2007-08 | 3.1.48 | കുടിവെള്ള പദ്ധതി ലക്ഷ്യം നേടിയില്ല | തടസ്സം തുടരുന്നു |
| 2000-01 | 2(3) | 2007-08 | 3.1.43 | ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരണ വിവരമില്ല | തടസ്സം തുടരുന്നു |

## 4-8 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുൻബാക്കി ഉൾപ്പടെ) | 95853741 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80162259 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,319 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33,12,174 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-1 | -- | 2221 | ശ്രീമതി.ഉഷാദേവി.പി.എ,സെക്രട്ടറി |
| 3-2 | -- | 7047 | ശ്രീ.വാസു.ടി.പി,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.രാമചന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 1051 | ശ്രീ.രാമചന്ദ്രൻ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 10,319 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 24,50,000 | ശ്രീ. മുനീർ റഹ്മാൻ, പട്ടിക ജാതി വികസന ഓഫീസർ |
| 1-18 | 8,62,174 | ശ്രീമതി.ഉഷാദേവി.പി.എ, സെക്രട്ടറി |
| ആകെ | 33,12,174 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഉഷാദേവി.എ.പി, സെക്രട്ടറി | സെക്രട്ടറി,പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | കല്ലംപുറത്ത് വളപ്പിൽ ഹൗസ്, പിടാവന്നൂർ പി.ഒ മലപ്പുറം 679574 |
| ശ്രീ.വാസു.ടി.പി, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | തൈപ്പറമ്പിൽ ഹൗസ്, പോത്തന്നൂർ, പി.ഒ.പൊൽപ്പാക്കര, എടപ്പാൾ |
| ശ്രീ.രാമചന്ദ്രൻ.കെ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | കരിപ്പാളിൽ, ഉദ്യം എടപ്പാൾ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽഎഫ്.എം 4/1567/05 തിയതി 7.6.2006 | 8 |
| 1999-00 | എൽഎഫ്.എം 9/190/06 തിയതി 7.06.2006 | 11 |
| 2000-01 | എൽഎഫ്.എം 10/966/07 തിയതി 22.1.2008 | 2 |
| 2002-03 | എൽഎഫ്.എം 10/968/07 തിയതി 22.1.2008 | 2 |
| 2003-04 | എൽഎഫ്.എം 10/969/07 തിയതി 19.1.2007 | 1 |

| | | |
|---|---|---|
| 2004-05 | എൽഎഫ്.എം 10/970/07 തിയതി 16.10.2007 | 1 |
| 2005-06 | എൽഎഫ്.എം 10/971/07 തിയതി 25.10.2007 | 3 |
| 2006-07 | എൽഎഫ്.എം 15/486/10 തിയതി 5.7.2010 | 4 |
| 2007-08 | എൽഎഫ്.എം 15/487/10 തിയതി 11.6.2010 | 4 |
| 2008-09 | എൽഎഫ്.എം 4/516/12 തിയതി 12.4.12 | 3 |
| 2009-10 | എൽഎഫ്.എം 4/517/12 തിയതി.12.4.12 | 5 |
| 2010-11<br><br>2012-13 | എൽഎഫ്.എം 4/1371/2014 തിയതി 23.8.14 | 15 |
| 2013-14 | എൽഎഫ്.എം 4/283/2015 തിയതി 25.2.15 | 5 |
| 2014-15 | കെ.എസ്.എ.എം.പി.എം.8/2736/15<br>തിയതി :27-11-2015 | 8 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.8/684/2017 തിയതി :22-03-2017 | 11 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.8/2488/2017തിയതി29.11.17 | 15 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.8/1314/2019തിയതി18.6.19 | 19 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഔദ്യോഗിക വാഹനത്തിന് ഇന്ധന ചെലവ്-നിറക്കാത്ത ഇന്ധന ചെലവ് നിരാകരിക്കുന്നു

പ്രൊജക്ട് നമ്പർ 11/19 – വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ

നിർവ്വഹണം- സെക്രട്ടറി

വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ എന്ന പ്രൊജക്ടിൽ ട്രഷറി ബിൽ 27/31.10.18 പ്രകാരം റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും മാറിയ 1,30,552 രൂപയിൽ അസിസ്റ്റന്റ് എക്സി.എഞ്ചിനീയറുടെ KL54D 5486 നമ്പർ വാഹനത്തിന് ഡീസൽ നിറച്ചതിന് എവറസ്റ്റ് ഫ്യൂവൽസ് എരമംഗലം എന്ന സ്ഥാപനത്തിന് നൽകിയ 9859 രൂപയും ഉൾപ്പെടുന്നു. 2018 ആഗസ്റ്റ് മാസത്തിൽ താഴെ പറയുന്ന തിയ്യതികളിൽ ഇന്ധനം വാങ്ങിയതിനാണ് ഈ പണം നൽകിയത്.

1.8.18 - 35 ലിറ്റർ @ 7199 , 2519.65 രൂപ

16.8.18- 40 ലിറ്റർ@ 73.03 , 2918 രൂപ

21.8.18 – 30 ലിറ്റർ@ 73.36, 2200 രൂപ

29.8.18- 30 ലിറ്റർ @ 74.05, 2221 രൂപ ആകെ 135 ലിറ്റർ

വാഹനത്തിന്റെ ലോഗ് ബുക്കിൽ 2018 ആഗസ്റ്റിൽ 1.8.18, 17.8.18, 21.8.18 എന്നീ തിയ്യതികളിലായി ആകെ 105 ലിറ്റർ മാത്രമാണ് വാഹനത്തിൽ നിറച്ചതായി കാണുന്നത്. ലോഗ് ബുക്ക് പേജ് 230 ൽ തൻമാസത്തെ അബ്സ്ട്രാക്ടിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ലോഗ് ബുക്ക് പരിശോധിക്കാതെ ഹാജരാക്കിയ ബില്ലുകൾ പ്രകാരം തുക നൽകിയതു മൂലം അധികമായി ചെലവഴിച്ച 2221 രൂപ തിരിച്ചടവാക്കേണ്ടതാണ്. 9/22-09-20 നമ്പർ ആയി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 3-2 സ്രായിക്കടവ് -ഉരുതിപറമ്പ് SC കോളനി ചുറ്റുമതിൽ നിർമ്മാണം (നന്നംമുക്ക് ഗ്രാ.പ) -ഗേറ്റ്

വച്ചതിന് അധിക നിരക്ക് നൽകി - കരാറുകരന് അധികം നൽകിയത് 7047 രൂപ

പ്രോജക്റ്റ് നം -42/19

എം. ബുക്ക് - 117/18-19, 145/18-19

കരാർ - 13/4.9.18

മൂല്യനിർണ്ണയം - 7,00,000

ബിൽ - 7/16.11.18-83444

14/18.12.18-477173

26/11.3.19-139383

കരാറുകാരൻ - എ.റിജിൻ

Cost Index – 37.25% (DSR 2016)

സാങ്കേതികാനുമതി തുക -800000

ഫണ്ട്-ഡവലെപ്പ്മെന്റ് ഫണ്ട്(ജനറൽ)

നിർവഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

പ്രവൃത്തിയിൽ ഇനം 7 പ്രകാരം ചുറ്റുമതിലിന് ഗേറ്റ് (MS grill) വച്ചതിന് DSR Code 9.48.1 പ്രകാരമുള്ള നിരക്ക് വച്ച് താഴെ പറയും പ്രകാരം തുക അനുവദിച്ചു.

328.37 kg x 120/kg (143.63 /kg-16.46% ടെണ്ടർ കുറവ് ) = 39404.40 രൂപ

എന്നാൽ ഗേറ്റ് (MS grill) വച്ചതിന് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ്. ഇത് പ്രകാരം അനുവദിക്കാവുന്ന തുക

328.37 kg x 98.54/kg (117.96 /kg-16.46% ടെണ്ടർ കുറവ് ) = 32357.57 രൂപ

അധികം - 39404.40-32357.57 = 7047 രൂപ

പ്രവൃത്തിയിൽ കരാറുകാരന് അധികം അനുവദിച്ചത് - 7047 രൂപ

തൻവർഷത്തിൽ ചെയ്ത മറ്റ് പ്രവൃത്തികളിൽ ഗേറ്റ് വക്കുന്നതിന് 10.25.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ ഈ പ്രവൃത്തിയിലും DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ്അനുവദിക്കാവുന്നത്.

ഉദാ-

വെളിയങ്കോട് GMUPS അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ (പ്രോജക്റ്റ്-71/19)

GLPS കല്ലൂർമ്മ അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ (പ്രോജക്റ്റ്-67/19)

ഫിഷറീസ് സ്കൂൾ നവീകരണം (പ്രോജക്റ്റ്-41/19)

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 7047 രൂപ. വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (AUDIT ENQUIRY No.4 / 22.9.20. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 7047 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറുടെയും അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-3 കരാർ തുകയിലും അധികരിച്ച് തുക നൽകി.

പ്രോജക്റ്റ് നം -82/19 – കാഞ്ഞിരമുക്ക് ആറേപ്പടി മുതൽ പുന്നതോണ്ടൻ വരെ ഇറിഗേഷൻ സബ് കനാൽ നിർമ്മാണം (മാറഞ്ചേരി ഗ്രാ.പ)

എം. ബുക്ക് - 141/18-19

കരാർ - 61/23.3.18

മൂല്യനിർണ്ണയം - 5,00,000

ബിൽ - 19/20.12.18-217387

21/14.1.19-282613

കരാറുകാരൻ - AV.അബൂബക്കർ

Cost Index – 37.25% (DSR 2016)

സാങ്കേതികാനുമതി തുക -500000

ഫണ്ട്-ഡവലെപ്പ്മെന്റ് ഫണ്ട്(ജനറൽ)

നിർവഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

മേൽ പ്രവൃത്തിക്ക് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത് താഴെ പറയും പ്രകാരം 2 കരാറുകാരാണ്

| കരാറുകാരൻ | ക്വാട്ട് ചെയ്ത തുക |
|---|---|
| MV.ഭക്തവത്സലൻ | 5,07541 |
| AV.അബൂബക്കർ | 4,98,949 |

4,98,949 രൂപയിൽ ലിമിറ്റ് ചെയ്ത് തുക അനുവദിക്കുന്നതിന് പകരം മേൽ ബില്ലുകൾ പ്രകാരം കരാറുകാരന് 5,00,000 രൂപ അനുവദിച്ചു. കരാറുകാരന് അധികം അനുവദിച്ചത് 1051 രൂപ

പ്രവൃത്തിയിൽ കരാറുകാരന് അധികം തുക നൽകിയത് 1051 രൂപ. വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (AUDIT ENQUIRY No.5 / 22.9.20. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 1051 രൂപ പ്രവൃത്തിയുടെ പേമെന്റ് അനുവദിച്ച അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## അനുബന്ധം-1
## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം8/1173/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ- 0483-2734951
ഇ-മെയിൽ- dompm.ksad@kerala.gov.i

തീയ്യതി 26-08-2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215- ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്